## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1664** **10-02-2020 -ലെ മറുപടിയ്ക്ക്**

### മരടിൽ പൊളിച്ച ഫ്ലാറ്റുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരടിൽ പൊളിച്ച ഫ്ലാറ്റുകളുടെ അവശിഷ്ടങ്ങൾ എഴുപുന്ന, അരൂർ ഗ്രാമപഞ്ചായത്തുകളിൽ ഒരുക്കിയിട്ടുള്ള യാഡുകളിൽ നിക്ഷേപിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) അരൂർ പഞ്ചായത്തിലെ ചന്തിരൂർ എന്ന സ്ഥലത്താണ് ഫ്ലാറ്റ് പൊളിച്ച അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) മാലിന്യം നീക്കം ചെയ്യുന്നതിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയിട്ടുള്ളത്; എത്ര ലക്ഷം രൂപയാണ് കരാർ തുക; വെളിപ്പെടുത്താമോ; | (ബി) പ്രോംപ്റ്റ് എന്റർപ്രൈസസ് എന്ന കമ്പനിക്ക് 35,13,000/- (മുപ്പത്തിഅഞ്ച് ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) രൂപയ്ക്കാണ് നൽകിയിട്ടുള്ളത് |
| (സി) അരൂർ പഞ്ചായത്തിലും എഴുപുന്ന പഞ്ചായത്തിലും യാഡുകൾ സ്ഥാപിക്കുന്നതിന് പ്രസ്തുത പഞ്ചായത്തിന്റെ അനുമതി തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (സി) തേടിയിരുന്നു. |
| (ഡി) ഫ്ലാറ്റുകളുടെ അവശിഷ്ടം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് നീക്കുന്നതിനെതിരെ രണ്ട് പഞ്ചായത്തുകളും എന്തെങ്കിലും എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് ഇതിനകം നടത്തിയത്; വിശദമാക്കുമോ? | (ഡി) മരടിലെ പൊളിച്ച ഫ്ളാറ്റുകളുടെ അവശിഷ്ടം നിക്ഷേപിക്കുന്നതിന് എതിരെ പ്രസ്തുത പഞ്ചായത്തുകളിൽ നിന്ന് എതിർപ്പുകൾ ഉണ്ടായി. ആയത് പഞ്ചായത്ത് പ്രസിഡന്റുമായി സംസാരിച്ച് ഒത്ത് തീർപ്പാക്കുന്നതിനുവേണ്ടി മരട് മുനിസിപ്പാലിറ്റി ശ്രമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**